# കേരള സർവകലാശാല

നം. പി.ആർ.107/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രവേശനം : രണ്ടാം ഘട്ട അലോട്ട്മെന്റ്

കേരള സർവ്വകലാശാല 2016-2017 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കുട്ടികൾ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ടി. യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1360 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 675 രൂപയുമാണ്. അഡ്മിഷൻ ഫീസ് അടച്ച കുട്ടികൾ നിശ്ചിത സമയത്തിനകം ലോഗിൻ ചെയ്ത് നിർബന്ധമായും അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) ജൂൺ 23 വൈകിട്ട് അഞ്ച് മണിക്കകം വെബ്സൈറ്റിൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കണം. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം യഥാസമയം http://admissions.keralauniversity.ac.in -ൽ ചേർക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അടുത്ത അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി അഡ്മിഷൻ ഫീസ് യഥാസമയം അടച്ച് ആ വിവരം (ജേർണൽ നമ്പർ) നിശ്ചിത സമയത്തിനുള്ളിൽ വെബ്സൈറ്റിൽ ചേർക്കണം. ഒന്നാം ഘട്ടഅലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ പുതുതായി ലഭിക്കുന്ന അലോട്ട്മെന്റിൽ വീണ്ടും ഫീസ് അടയക്കേണ്ടതില്ല. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ചതിനു ശേഷം ഫീസ് അടയ്ക്കാത്തതും ജേണൽ നമ്പർ എന്റർ ചെയ്യാത്തതുമായ വിദ്യാർത്ഥികളെ രണ്ടാംഘട്ട അലോട്ട്മെന്റിൽ പരിഗണിച്ചിട്ടില്ല.

രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 23 വൈകിട്ട് അഞ്ച് മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### ബി.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ 27-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.ബി.എ (2013 അഡ്മിഷൻ) പരീക്ഷകൾക്ക് തിരുവനന്തപുരം കേന്ദ്രമായി ആവശ്യപ്പെട്ടവർ പാളയം എസ്.ഡി.ഇ-യിലും കൊല്ലം കേന്ദ്രമായി ആവശ്യപ്പെട്ടവർ കൊല്ലം വടക്കേവിള ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, ചേർത്തല ആവശ്യപ്പെട്ടവർ ചേർത്തല എസ്.എൻ കോളേജ്, കോട്ടയം സെന്റർ ആവശ്യപ്പെട്ടവർ ഏറ്റുമൂനൂർ എം.സി. വർഗ്ഗീസ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കണ്ണൂർ കേന്ദ്രമായി ആവശ്യപ്പെട്ടവർ മട്ടന്നൂർ കൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ്

എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.
(അടിക്കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

## ഗ്രഹങ്ങളെ കാണുവാൻ അവസരം

വാന നിരീക്ഷകരിൽ കൗതുകമുണർത്തിക്കൊണ്ട് മൂന്ന് ഗ്രഹങ്ങളെ (ശനി, ചൊവ്വ, വ്യാഴം) ഒരുമിച്ചു കാണുവാൻ അവസരം. കേരള സർവകലാശാല വാന നിരീക്ഷണ കേന്ദ്രത്തിൽ, തെളിഞ്ഞ അന്തരീക്ഷമുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും വൈകുന്നേരം 6.30 മുതൽ കാണാം. പ്രവേശനം പാസ് മുഖേന. ഫോൺ. 0471-2303732.

## സെനറ്റ് യോഗം മാറ്റി

കേരള സർവകലാശാല ജൂൺ 28, 29 തീയതികളിൽ നടത്താനിരുന്ന സെനറ്റ് യോഗം ജൂലൈ ഒന്ന്, രണ്ട് തീയതികളിൽ രാവിലെ 8.30-ന് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ചേംബറിൽ നടത്തും.

## ബി.വോക് പരീക്ഷ

കേരള സർവകലാശാല ജൂലൈ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.വോക് പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 27 (50 രൂപ പിഴയോടെ ജൂൺ 29, 250 രൂപ പിഴയോടെ ജൂൺ 30) വരെ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാം.

## പി.ജി പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ 29-ന് തുടങ്ങാനിരുന്ന രണ്ടാം വർഷ എം.എ/എം.എസ്‌സി/എം.കോം പരീക്ഷ ജൂലൈ 11-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് പരീക്ഷാഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 11-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യോഗ ദിനം : സെമിനാർ നടത്തി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം, കാര്യവട്ടം വേദാന്ത പഠനകേന്ദ്രം, ഹോളിസ്റ്റിക്സ് ഹെൽത്ത് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് 'ജീവിതചര്യ രോഗങ്ങളുടെ നിയന്ത്രണത്തിൽ യോഗയുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ ഉദ്ഘാടനം

ചെയ്തു. കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിച്ചു.

അടിക്കുറിപ്പ്: ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

21.06.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**